**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** **11-10-2024 - ൽ മറുപടിയ്ക്ക്**

**സി-ആപ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ലോട്ടറി അച്ചടിയുമായി ബന്ധപ്പെട്ട് സി-ആപ്റ്റിന് ഇരുപത് കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നികുതി വകുപ്പിന്റെ 05-01-2023 ലെ സ.ഉ. (സാധാ)4/2023/നികുതി നം. ഉത്തരവുപ്രകാരം ലോട്ടറി അച്ചടിയുമായി ബന്ധപ്പെട്ട് സി-ആപ്റ്റിന് ഇരുപതുകോടി രൂപ വായ്പ അനുവദിക്കുന്നതിന് സംസ്ഥാന ലോട്ടറി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അച്ചടിയ്ക്കായി ഏത് തരം മെഷീനുകളാണ് വാങ്ങാൻ തീരുമാനിച്ചിട്ടുള്ളതെന്നും അതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | ലോട്ടറി അച്ചടിയ്ക്കായി കളർ ഓഫ് സെറ്റ് പ്രിന്റിംഗ് മെഷിൻ വാങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ചുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. |
| (സി) | സി-ആപ്റ്റിൽ നിന്ന് പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് അർഹതപ്പെട്ട ഡി.എ. കുടിശിക, ശമ്പള പരിഷ്കരണ കുടിശിക എന്നിവ മരവിപ്പിച്ച നടപടി പുന:സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | സി-ആപ്റ്റ് സാമ്പത്തിക പുരോഗതി കൈവരിക്കുന്ന മുറയ്ക്കുമാത്രം ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നിവ നൽകിയാൽ മതി എന്ന് സി-ആപ്റ്റിന്റെ 59-ാം മത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിരുന്നുവെങ്കിലും പ്രസ്തുത തീരുമാനത്തിനെതിരെ സംഘടനകൾ വ്യാപകമായ പരാതികൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, 30-01-2024-ൽ കൂടിയ സി-ആപ്റ്റിന്റെ 42-ാം മത് ഗവേർണിംഗ് ബോഡി യോഗം പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും, കുടിശ്ശിക നൽകുന്നതിന് വേണ്ടി വരുന്ന തുക സംബന്ധിച്ചും സെന്ററിന്റെ നിലവിലെ സാമ്പത്തിക ഭദ്രത സംബന്ധിച്ചുമുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുവാൻ മൂന്നംഗ കമ്മിറ്റി രൂപീകരിക്കുവാൻ ശിപാർശ ചെയ്യുകയുമുണ്ടായി. എന്നാൽ, ഗവേണിംഗ് ബോഡിയോഗ തീരുമാനപ്രകാരമുള്ള മേൽ സൂചിപ്പിച്ച റിപ്പോർട്ട് തയ്യാറാക്കുവാൻ സർക്കാർ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. അതിൻപ്രകാരം പ്രകാരം കുടിശ്ശികയിനത്തിലുള്ള ബാധ്യത സംബന്ധിച്ചുള്ള കണക്കുകൾ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സി-ആപ്റ്റ് മലപ്പുറം കേന്ദ്രത്തിന്റെ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കുമോ? | (ഡി) | സി-ആപ്റ്റിന്റെ 59-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സി-ആപ്റ്റിന് സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത തരത്തിൽ താനൂർ നിയോജകമണ്ഡലത്തിൽ സി-ആപ്റ്റിന്റെ ഒരു ഉപകേന്ദ്രം ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ